ഖുത്വ്ബ
3.2.2006
ബയ്തുൽ ഫുതൂഹ്, ലണ്ടൻ

# മസീഹ് വരേണ്ടകാലം

مَنِ اهْتَدٰى فَاِنَّمَا يَهْتَدِيْ لِنَفْسِهٖ ۚ وَمَنْ ضَلَّ فَاِنَّمَا يَضِلُّ عَلَيْهَا ۚ وَلَا تَزِرُ وَازِرَةٌ وِّزْرَ اُخْرٰى ۗ وَمَا كُنَّا مُعَذِّبِيْنَ حَتّٰى نَبْعَثَ رَسُوْلًا

**ക**ഴിഞ്ഞ വെള്ളിയാഴ്ച ഭൂകമ്പങ്ങളേയും നാശങ്ങളേയും ആപത്തുകളേയും കുറിച്ച് ഞാൻ സംസാരിച്ചിരുന്നു. പാക്കിസ്ഥാനിലെ വടക്കൻ പ്രദേശങ്ങളിലുണ്ടായ ഭൂകമ്പത്തെക്കുറിച്ച് ജനങ്ങൾ ഒരുപാട് ചോദ്യങ്ങൾ ഉന്നയിച്ചതായും പ്രത്യേകിച്ച് ഒരു പത്രം ചില ചോദ്യങ്ങൾ ആലിംകളോടു ചോദിച്ചതായും പറഞ്ഞിരുന്നു. ആ ചോദ്യങ്ങൾക്കുള്ള മറുപടിയിൽ ഏകദേശം എല്ലാ ആലിംകളും പറഞ്ഞത് ഈ ഭൂകമ്പങ്ങളുണ്ടാകാൻ കാരണം പാപകൃത്യങ്ങളുടെ ആധിക്യവും അല്ലാഹുവിൽനിന്ന് ആളുകൾ അകന്നുപോയതുമാണെന്നാണ്. ശിക്ഷയാണ് അല്ലെങ്കിൽ അദാബാണെന്നാണ്. പക്ഷേ, അതിനോടൊപ്പം ഇതിന് ഹസ്റത്ത് ഈസായുടെ ആഗമനവുമായി ഒരു ബന്ധവുമില്ലെന്നും അവർ പറയുകയുണ്ടായി. ചോദ്യകർത്താക്കൾ ഈസായെക്കുറിച്ചും ചോദ്യം ചോദിച്ചിരുന്നു. ആലിംകൾ ഇതുസംബന്ധമായി പൊതുവെ നല്കുന്ന മറുപടി ഹസ്റത്ത് ഈസായുടെ രണ്ടാം വരവ് ഖിയാമത്തിന്റെ നേരത്താണുണ്ടാകുന്നതെന്നും, ഇപ്പോൾ അതിലേക്കുള്ള യാത്ര തുടങ്ങിയതേയുള്ളൂവെന്നുമാണ്. ചിലർ ചില കാലം പറയുന്നു. മറ്റുചിലർ മറ്റുചില കാലം പറയുന്നു. ഒരു ആലിം ആ കാലം നിർണ്ണയിച്ച് എഴുന്നൂറും കുറച്ചുവർഷവും പറഞ്ഞിട്ടുണ്ട്. അതായത് ഈസാ വരാൻ ഇനിയും സമയമുണ്ടെന്ന്. വെറും പറച്ചിൽ മാത്രമാണിത്. അവർ പറഞ്ഞ ഇക്കാര്യത്തെക്കുറിച്ച് ആരാണ് അന്വേഷിക്കാൻ പോകുന്നത്?

ആദ്യം പറഞ്ഞിരുന്നത് മസീഹും മഹ്ദിയും പതിനാലാം നൂറ്റാണ്ടിലാണ് വരേണ്ടതെന്നാണ്. പക്ഷേ, ഇപ്പോൾ വന്നിട്ടില്ല. ഇപ്പോൾ പതിനാലാം നൂറ്റാണ്ട് അവസാനിച്ചിട്ടില്ല. അതവസാനിക്കാൻ ഒരുപാട് കാലം ഇനിയുമുണ്ട് എന്നൊക്കെ പറഞ്ഞു. അങ്ങനെ പതിനാലാം നൂറ്റാണ്ട് അവസാനിച്ചു. ചില വിവേകശൂന്യരായ ആലിംകൾ- ഹസ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിക്കാത്ത എല്ലാ ആലിംകളും വിവേകശൂന്യർ തന്നെയാണ്- എന്തായാലും അവരിൽ ചിലർ, പതിനാലാം നൂറ്റാണ്ട് ദീർഘമായിരിക്കുന്നു, ഇനിയും ബാക്കിയുണ്ടെന്നാണ് പറഞ്ഞത്. എന്തു വിവരക്കേടാണ് പറയുന്നതെന്ന് പറഞ്ഞ് ആരോ അത് മനസ്സിലാക്കിക്കൊടുത്തു. പിന്നീട് കുറച്ച് നാമമാത്ര പ്രൊഫസർമാർക്കും ഡാക്ടർമാർക്കും മതപണ്ഡിതന്മാർക്കും തങ്ങളുടെ അറിവ് പ്രകടിപ്പിക്കാനും ജനങ്ങളെ സംഘടിപ്പിക്കാനും അവസരം കിട്ടി. അവർ സ്വീകരിച്ച നിലപാട്, മസീഹിന്റെയും മഹ്ദിയുടേയും ആഗമനം ഖിയാമത്ത് അടുത്തിരിക്കുന്നു എന്നതിന്റെ അടയാളമാണ്. അതുകൊണ്ട് ഇപ്പോൾ ആ കാലം വന്നിട്ടില്ലെന്നാണ്. ചില അറേബ്യൻ ഉലമാക്കൾ തങ്ങളുടെ പരമ്പരാഗത വിശ്വാസത്തിന്നെതിരിൽ ഹസ്റത്ത് ഈസാ (അ) മരിച്ചുകഴിഞ്ഞിരിക്കുന്നുവെന്ന് സമ്മതിച്ചിരിക്കുന്നു. അതിനോടൊപ്പം, മസീഹ് വീണ്ടും വരുമെന്ന് പറഞ്ഞിട്ടുള്ള ഹദീസുകളെല്ലാം തെറ്റാണെന്നും ഇനിയാരും വരാനില്ലെന്നും നമ്മുടെ ചില രാജ്യങ്ങളിലുള്ള ഉലമാക്കളുടെ സ്ഥാപനംതന്നെ ജനങ്ങൾക്ക് ശിക്ഷണം നല്കാൻ പര്യാപ്തമാണെന്നും പറഞ്ഞിരിക്കുന്നു. എന്തായാലും ഇത് സ്ഥാപിക്കാൻ അവരുടെ പക്കൽ തെളിവുകളൊന്നുമില്ലായിരുന്നു. പിന്നീട് ഇവർ ജമാഅത്തിന്നെതിരിൽ കള്ള ഫത്വകൾ പുറപ്പെടുവിച്ചു. ഫത്വ നല്കുന്ന ചിലർ, നമ്മുടെ അദ്ധ്യാപനങ്ങളുമായി വിദൂരബന്ധം പോലുമില്ലാത്ത കാര്യങ്ങളാണ് നമ്മെക്കുറിച്ച് പറഞ്ഞത്. അതുമായി നമുക്ക് ഒരു ബന്ധവുമില്ല. മുസ്‌ലിംകളിൽ അഹ്മദികൾക്കെതിരെ വെറുപ്പും വിദ്വേഷവും ഉണ്ടാക്കുന്നതിനുവേണ്ടിമാത്രമാണ് അവർ ഇങ്ങനെ ചെയ്തത്. അതിന് ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാക്കുകളിൽ നമുക്ക് പറയാനുള്ള മറുപടി ***ലഅ്നത്തുല്ലാഹി അലൽകാദിബീൻ വൽഫാസിഖീൻ*** എന്നുള്ള ദുആ മാത്രമാണ്. ഈ ഫത്വ നല്കുന്നവരുടെ കാര്യം നാം അല്ലാഹുവിനെ ഭരമേല്പിക്കുന്നു. കഴിഞ്ഞ ദിനങ്ങളിലും രണ്ട് പുതിയ ഫത്വ പുറപ്പെടുവിക്കുകയുണ്ടായി.

പക്ഷേ, സാധാരണ മുസ്‌ലിംകളോടു നമുക്കുള്ള സഹതാപവും അവർക്ക് സന്ദേശമെത്തിക്കുക എന്ന നമ്മുടെ ചുമതലയും മുന്നിൽവെച്ചുകൊണ്ട് മസീഹിന്റെയും മഹ്ദിയുടെയും ആഗമനത്തെക്കുറിച്ച്, അതായത് അദ്ദേഹം വരേണ്ടകാലമാണോ ഇതെന്ന് പറയാനാണ് ആഗ്രഹിക്കുന്നത്. ഞാൻ പറഞ്ഞതുപോലെ പതിനാലാം നൂറ്റാണ്ടിലോ അതിന്നടുത്തോ മസീഹിന്റെയും മഹ്ദിയുടേയും വെളിപെടലുണ്ടാകുമെന്ന് ഒരുകാലംവരെ എല്ലാ ആലിംകളും ഐകകണ്ഠ്യേന പറഞ്ഞിരുന്നതാണ്. പഴയകാലത്തെ എല്ലാ ഇമാമുമാരും ഔലിയാക്കന്മാരും ആലിമുമാരും ഇക്കാലം മസീഹിന്റേയും മഹ്ദിയുടേയും ആഗമനത്തിന്റെ കാലമാണെന്ന് പറഞ്ഞുവന്നതാണ്. ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലത്തുള്ള, അല്ലെങ്കിൽ അതിനനടുത്തകാലത്ത് ജീവിച്ചിരുന്ന മഹാത്മാക്കൾ മുസ്‌ലിംകളുടെ അവസ്ഥ കണ്ടുകൊണ്ട് അടുത്തുതന്നെ മസീഹും മഹ്ദിയും വെളിപെടുമെന്ന് ദൃഢമായി വിശ്വസിച്ചിരുന്നു. ദീനിന്റെ കാര്യത്തിൽ വിഷമിച്ചിരുന്ന അത്തരമാളുകൾ അല്ലാഹുവിനോട്, മുങ്ങാൻ പോകുന്ന ഇസ്‌ലാമിന്റെ വഞ്ചിയെ രക്ഷിക്കുന്നതിനായി ദുആ ചെയ്യാറുണ്ടായിരുന്നു. ഇക്കാര്യങ്ങൾ പറഞ്ഞിട്ടുള്ളവരും ഹസ്റത്ത് മസീഹ് മൗഊദ്(അ) ന്റെ ആഗമനത്തിനു മുമ്പുള്ള അവസ്ഥകൾ വിവരിക്കുന്നവരുമായ ആളുകളുടെ ഉദ്ധരണികൾ ഞാൻ കേൾപ്പിക്കുകയാണ്. അത് അഹ്മദിയ്യാ ജമാഅത്ത് നൂറുവർഷത്തിലധികമായി, ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലം മുതൽതന്നെ പറഞ്ഞുവരുന്നതാണ്. ഹസ്റത്ത് മസീഹ് മൗഊദ്(അ) തന്നെ അക്കാര്യങ്ങൾ ജനങ്ങളുടെ മുന്നിൽ സമർപ്പിച്ചിട്ടുള്ളതാണ്. പക്ഷേ, ഇപ്പോൾ അത് ഉന്നയിക്കപ്പെടുന്നതുകൊണ്ട് ഞാനത് വീണ്ടും പറയുകയാണ്. നമ്മൾ അത് പറഞ്ഞുകൊണ്ടിരിക്കേണ്ടതുമാണ്. സന്ദേശമെത്തിക്കുന്നതിന് അത് പറയേണ്ടത് നിർബന്ധവുമാണ്. സന്ദേശമെത്തിക്കാനുള്ള ചുറുചുറുക്ക് ജമാഅത്തിൽ ഉണ്ടാകുന്നതിനും ജനങ്ങൾക്ക് കാര്യങ്ങൾ വ്യക്തമാകുന്നതിനും അത് അനിവാര്യമാണ്. കാരണം ജനങ്ങളിൽ വലിയൊരു വിഭാഗത്തിന് ഏതെങ്കിലും രീതിയിൽ കേൾക്കാൻ സാധിക്കുംവിധമുള്ള വലിയ മാർഗ്ഗങ്ങളാണ് അല്ലാഹു നമുക്കിന്ന് നല്കിയിട്ടുള്ളത്.

അമാനുഷിക സിദ്ധിയുണ്ടായിരുന്ന ആറാം നൂറ്റാണ്ടിലെ മഹാത്മാവായ ഹസ്റത്ത് നിഅ്മത്തുല്ലാഹ് വലിയ്യ്(റഹ്) തന്റെ ഒരു പാർസികവിതയിൽ പറയുന്നു. അതിന്റെ തർജമ ഇപ്രകാരമാണ്. 12 നൂറ്റാണ്ടുകൾക്കുശേഷം അത്ഭുതകരമായ അടയാളം വെളിപ്പെടുന്നതാണ്. മഹ്ദിയും മസീഹും വെളിപെടുന്നതാണ്.

ഹിജ്റ 1175-ൽ ഇഹലോകവാസം വെടിഞ്ഞ ഹസ്റത്ത് ശാഹ് വലിയുല്ലാഹ് മുഹദ്ദസ് ദഹ്‌ലവി പറയുന്നു: എന്റെ റബ്ബ് എന്നോടു പറഞ്ഞു: ഖിയാമത്ത് അടുത്തിരിക്കുന്നു. മഹ്ദി വെളിപെടാൻ പോകുകയാണ്. പിന്നീട് പറയുന്നു: (തഫ്ഹീമാത്തെ ഇലാഹിയ്യായിൽ ഇക്കാര്യം പ്രസിദ്ധീകരിച്ചിട്ടുണ്ട്) ഇപ്രകാരം ഇമാം മഹ്ദി വെളിപെടുന്നകാലം 'ചിരാഗ്ദീൻ' എന്ന പദത്തിൽ പറയപ്പെട്ടിരിക്കുന്നു. അതിന്റെ ഹുറൂഫെ അബ്ജദ് 1268 ആണ്.

നവാബ് സിദ്ദീഖ് ഹസൻ സാഹിബിന്റെ മകനാണ് നവാബ് നൂറുൽ ഹസൻഖാൻ. ഇദ്ദേഹം വിശ്വസിക്കുന്ന ആളല്ല. പക്ഷേ, ഇമാം ജഅ്ഫർ സാദിഖിൽനിന്ന് നിവേദനം ചെയ്യപ്പെട്ടതായി എഴുതിയിരിക്കുന്നു. ഇമാം മഹ്ദി 200-ാം വർഷം (അതായത് ഹിജറ ആയിരം വർഷത്തിനുശേഷം വരുന്ന ഇരുന്നൂറാം വർഷം) എഴുന്നേല്ക്കുന്നതാണ്. 12-ാം നൂറ്റാണ്ടിൽ. പിന്നീട് സ്വന്തം അഭിപ്രായം പറയുന്നു: ഈ കണക്കനുസരിച്ച് മഹ്ദി ഇമാമിന്റെ വെളിപെടൽ 13-ാം നൂറ്റാണ്ടിലുണ്ടാവേണ്ടതാണ്. എന്നാൽ ഈ നൂറ്റാണ്ട് പൂർത്തിയായിക്കഴിഞ്ഞു, മഹ്ദി വന്നില്ല. ഇപ്പോൾ 14-ാം നൂറ്റാണ്ട് നമ്മുടെ തലയ്ക്കുമീതെ വന്നിരിക്കുന്നു. ഈ നൂറ്റാണ്ട് തുടങ്ങിയിട്ട് ഈ ഗ്രന്ഥം എഴുതുന്നതുവരെ ആറുമാസം കഴിഞ്ഞു. അല്ലാഹു അവന്റെ കരുണയും ദയയും പ്രകടിപ്പിച്ചേക്കാം. (ഇവർ ഇങ്ങനെയൊക്കെ പറയുന്നുണ്ട്, പക്ഷേ, വിശ്വസിക്കുന്നില്ല)

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: മസീഹിന്റെ ഇറക്കത്തെ സംബന്ധിച്ചുള്ള കാര്യങ്ങളിൽ ഒരാൾക്കും പതിനാലാം നൂറ്റാണ്ടിന്റെ മുന്നോട്ടുപോകാൻ സാധ്യമല്ലെന്ന് നവാബ് സിദ്ദീഖ് ഹസൻ സാഹിബ് എഴുതിയിട്ടുണ്ട്. (അതായത് മസീഹിന്റെ ഇറക്കത്തെ സംബന്ധിച്ചുള്ള വാർത്തകളും കാര്യങ്ങളും ദർശനങ്ങളുമെല്ലാം 14-ാം നൂറ്റാണ്ടിനുള്ളിലാണ് പുലരേണ്ടത്) വിശുദ്ധഖുർആനിൽ പറഞ്ഞ ചന്ദ്രന്റെ 14-ാം രാവിലെ പൂർണ്ണതയിൽനിന്ന് ഇത് മനസ്സിലാകുന്നുണ്ട്. ***വൽഖമറ ഖദ്ദർനാഹു മനാസില ഹത്താ ആദ ക്കൽഉർജൂനിൽ ഖദീം.*** (*36:40*)

ദാറുൽഉലൂം നദ്‌വത്തുൽ ഉലാമായുടെ തഅ്‌ലീം വകുപ്പിന്റെ മുഅ്‌ത്തമിദ് ആയിരുന്ന മൗലാനാ സയ്യിദ് അബുൽഹസൻ അലി നദ്‌വി എഴുതുന്നു: ഇദ്ദേഹവും വിശ്വസിക്കുന്നവരിൽപ്പെട്ടയാളല്ല. എന്നല്ല നമ്മുടെ എതിരാളിയുമാണ്. പക്ഷേ,

അദ്ദേഹം അക്കാലത്തെ അവസ്ഥകളെക്കുറിച്ച് എഴുതുന്നു: നിരാശയും പരിതാപവും അസ്വസ്ഥതയും മുസ്‌ലിംകളെ അടക്കിഭരിച്ചു. 1857-ലെ പോരാട്ടത്തിന്റെ അവസാനവും തുടർന്നുള്ള സൈനിക നടപടികളും കണ്ടുകൊണ്ട് ജനങ്ങൾ നിരാശരായിക്കഴിഞ്ഞിരുന്നു. പൊതുജനങ്ങളിൽ വലിയൊരു വിഭാഗം അല്ലാഹുവിൽനിന്നുള്ള സഹായിയേയും ഇൽഹാം ഇറങ്ങുന്നയാളേയും പ്രതീക്ഷിച്ചിരുന്നു. പതിമൂന്നാം നൂറ്റാണ്ടിന്റെ അവസാനത്തോടെ വാഗ്ദത്ത മസീഹിന്റെ വെളിപെടൽ തീർച്ചയായും ഉണ്ടാകുമെന്ന് അവിടവിടെ അഭിപ്രായങ്ങൾ ഉയർന്നിരുന്നു. മജ്‌ലിസുകളിലെല്ലാം അവസാനകാലത്തുണ്ടാകുന്ന കുഴപ്പങ്ങളെക്കുറിച്ചും സംഭവങ്ങളെക്കുറിച്ചുമുള്ള ചർച്ചയായിരുന്നു."

അത് മസീഹ് മൗഊദിന്റെ കാലഘട്ടമാണെന്ന് ജനങ്ങളും വിശ്വസിച്ചിരുന്നതായി ഇദ്ദേഹം സമ്മതിക്കുന്നു. പക്ഷേ, വാദമുണ്ടായപ്പോൾ വിശ്വസിക്കാൻ തയ്യാറായില്ല.

വീണ്ടും എഴുതുന്നു: "ആഗോള ഇസ്‌ലാം വിവിധതരത്തിലുള്ള ദീനീപരവും ധാർമ്മികവുമായ രോഗങ്ങൾക്കും ക്ഷീണങ്ങൾക്കും ഇരയായിരുന്നു. അതിന്റെ മുഖത്തുണ്ടായ ഏറ്റവും വലിയ കറുത്ത പാട് ശിർക്കായിരുന്നു. അതിന്റെ മുക്കിലും മൂലയിലും അത് കാണാമായിരുന്നു. ഖബ്‌റുകൾ പൂജിക്കപ്പെട്ടു. അല്ലാഹുവിനെ കൂടാതുള്ളവരുടെ നാമങ്ങൾ വാഴ്ത്തപ്പെട്ടു. വീടുവീടാന്തരം അനാചാരങ്ങളെക്കുറിച്ചുള്ള ചർച്ചയായിരുന്നു. വഴക്കുകളും അപവാദങ്ങളും എങ്ങും നടമാടി. ഈ അവസ്ഥ, ഇസ്‌ലാമിക സമൂഹത്തിനുള്ളിലെ ജാഹിലിയ്യത്തിന്റെ സ്വാധീനങ്ങളെ നേരിടുന്നതിനും വ്യക്തമായും തന്റേടത്തോടുകൂടിയും തൗഹീദിലേക്കും സുന്നത്തിലേക്കും പൂർണ്ണശക്തിയോടെ ജനങ്ങളെ വിളിക്കുന്നതിനും അല്ലാഹുവിനുവേണ്ടി കളങ്കരഹിതമായ ദീനിന്റെ ശബ്ദം ഉയർത്തുന്നതിനും ഒരു മതപരിവർത്തനകാരിയെ ആവശ്യപ്പെടുന്നുണ്ടായിരുന്നു."

ഇദ്ദേഹം പറഞ്ഞതെല്ലാം അക്കാലത്ത് നടമാടുകയായിരുന്നു. അക്കാലത്തുള്ളവർ സമ്മതിച്ചതുമായിരുന്നു. ഇപ്പോഴും അതംഗീകരിക്കുന്നു. എന്നിട്ടും പറയുന്നത് മസീഹിന്റെ ആവശ്യമില്ലെന്നാണ്. അല്ലെങ്കിൽ പറയുന്നു, സമയമായിട്ടില്ലെന്ന്. ഏതൊരു ദീനിനെ അല്ലാഹു അവസാനത്തേതും സമ്പൂർണ്ണവുമാക്കി അയച്ചുവോ, അതിന്റെ അവസ്ഥ അങ്ങേയറ്റം ശോചനീയമായിരുന്നു. എന്നിട്ടും ഇവരുടെ അഭിപ്രായത്തിൽ അല്ലാഹു അതത്ര ഗൗനിച്ചിട്ടില്ലത്രെ! അവൻ തന്റെ വാഗ്ദാനത്തിന്നെതിരിൽ നഊദുബില്ലാഹ് പ്രവർത്തിക്കുകയായിരുന്നത്രെ! തന്റെ വാഗ്ദാനമനുസരിച്ച് അയക്കേണ്ട മസീഹ് മഹ്ദിയെ അയച്ചില്ലത്രെ!

ഹസ്‌റത്ത് അബൂഖത്താദ(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു. ഖിയാമത്തിന്റെ അടയാളങ്ങളുടെ വെളിപെടൽ 200 വർഷങ്ങൾക്കു ശേഷം സംഭവിക്കുന്നതായിരിക്കും. ഹസ്‌റത്ത് ഇമാം അലിയുൽഖാരി(റഹ്) പ്രസ്തുത ഹദീസിന് വിശദീകരണം നല്കിക്കൊണ്ട് പറയുന്നു. 'അൽമിഅതൈൻ' എന്ന പദത്തിൽ വന്നിരിക്കുന്ന 'അൽ' എന്നതുകൊണ്ടുള്ള വിവക്ഷിതം ആയിരം വർഷങ്ങൾക്കുശേഷം വരുന്ന 200 വർഷം എന്നായിരിക്കും. അതായത്, ആയിരത്തി ഇരുനൂറ് വർഷങ്ങൾക്കുശേഷം അടയാളങ്ങൾ പൂർണ്ണമായും വെളിപെടുന്നതായിരിക്കും. ആ കാലമാണ് മഹ്ദി വെളിപെടുന്നകാലം."

ഇതിൽനിന്നെല്ലാം നമുക്ക് മനസ്സിലാകുന്നത് ഇക്കാലത്തെ ആലിംകൾ പറയുന്നതുപോലെയല്ല കാര്യം മറിച്ച്, മുൻകഴിഞ്ഞ പുണ്യാത്മാക്കൾ പറഞ്ഞതുപോലെ മസീഹ് മഹ്ദിയുടെ വെളിപെടൽ പന്ത്രണ്ടാം നൂറ്റാണ്ടിനുശേഷം ഉണ്ടാകുമെന്നാണ്. 19-ാം നൂറ്റാണ്ടിലോ 20-ാം നൂറ്റാണ്ടിലോ അല്ലെങ്കിൽ ഇന്ന സമയത്തോ വരുമെന്ന് പറഞ്ഞിട്ടില്ല. എല്ലായിടത്തും 12-ാം നൂറ്റാണ്ടിന്റെ അവസാനത്തെക്കുറിച്ചാണ് പറഞ്ഞിട്ടുള്ളത്. ഹസ്‌റത്ത് ശാഹ് വലിയുല്ലാഹ് സാഹിബ് മുഹദ്ദസ് ദഹ്‌ലവി(റഹ്) 12-ാം നൂറ്റാണ്ടിലെ മുജദ്ദിദായിരുന്നു. അദ്ദേഹം കാര്യങ്ങൾ കൂടുതൽ വ്യക്തമാക്കി. അതായത് 1268. ഇത് മസീഹ് മൗഊദിനെ പ്രതീക്ഷിച്ചിരുന്ന കാലഘട്ടമാണ്.

'*വ ആഖരീനമിൻഹും ലമ്മാ യൽഹഖൂബിഹിം*' എന്ന ഖുർആനികവചനത്തിന്റെ അടിസ്ഥാനത്തിൽ ഹസ്‌റത്ത് മസീഹ് മൗഊദ്(അ) വേറൊരു പ്രധാന കാര്യം പറഞ്ഞിരിക്കുന്നു. അക്ഷരസംഖ്യാശാസ്ത്രമനുസരിച്ച് ഇതിന്റെ സംഖ്യ 1275 ആകുന്നു. അതായത്, അവസാനം വരുന്നവരെ ആദ്യം വന്നവരുമായി-സഹാബത്തുമായി ബന്ധിപ്പിക്കേണ്ട ആ വ്യക്തി വരേണ്ടത് ഇക്കാലത്തായിരുന്നു. ഹസ്‌റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ഞാൻ ആത്മീയമായ നിലയിൽ യുവത്വം പ്രാപിച്ചകാലമായിരുന്നു ഇത്."

ഈ പറഞ്ഞകാര്യങ്ങളൊന്നും യാദൃശ്ചികമല്ല. ഈ ഉലമാക്കൾ യഥാർത്ഥത്തിൽ അവർ ഉലമാക്കളാണെങ്കിൽ ചിന്തിക്കേണ്ടതാണ്. ആലോചിക്കേണ്ടതാണ്. ഇതെല്ലാം കഴിഞ്ഞുകടന്ന പുണ്യാത്മാക്കളുടെ വചനങ്ങളും നബി(സ) തിരുമേനി പറഞ്ഞ കാര്യങ്ങളുമാണ്. വിശുദ്ധഖുർആനിലും മസീഹിന്റെ

കാലത്ത് സംഭവിക്കേണ്ട കുറച്ചടയാളങ്ങൾ പറഞ്ഞിട്ടുണ്ട്. അതിൽ ചിന്തിക്കുക. ഈ കാര്യങ്ങൾക്കൊന്നും ഈ വിപത്തുകൾക്കൊന്നും മസീഹിന്റെ ആഗമനവുമായി ഒരു ബന്ധവുമില്ല എന്നു പറഞ്ഞുകൊണ്ട് സാധാരണക്കാരെ വഴിപിഴപ്പിക്കാതിരിക്കുക. മസീഹിന്റെ ആഗമനകാലം ഹസ്റത്ത് മസീഹ് മൗഊദ് (അ) ഖുർആനും ഹദീസുംകൊണ്ട് സ്ഥാപിച്ചിട്ടുണ്ട്. അത് ഞാൻ പറയുന്നതാണ്. എന്നാൽ, അതിനുമുമ്പേ ഒരു ഹദീസ് വിവരിക്കാനുദ്ദേശിക്കുകയാണ്. അതിൽനിന്ന്, ഇന്ന് ഈ ഉലമാക്കൾ പറയുന്ന മറുപടി മാത്രമെ അവരിൽനിന്ന് പ്രതീക്ഷിക്കാൻ പറ്റുകയുള്ളൂവെന്ന് മനസ്സിലാകുന്നതാണ്.

ഹസ്റത്ത് അബ്ദുല്ലാഹ് ബിൻ അംറിബ്നുൽ ആസ്(റ) നിവേദനം ചെയ്യുന്നു. അദ്ദേഹം പറയുന്നു. ഞാൻ നബി(സ) തിരുമേനി ഇങ്ങനെ പറയുന്നതായി കേട്ടു. അല്ലാഹു ജനങ്ങളിൽനിന്ന് അറിവ് ക്ഷണത്തിൽ തട്ടിപ്പറിച്ചെടുക്കുകയില്ല. മറിച്ച്, പണ്ഡിതന്മാരുടെ മരണംകൊണ്ട് അറിവ് അവസാനിച്ചുപോകും. ഒരു ആലിമും ബാക്കിയാകാതാകുമ്പോൾ, ജനങ്ങൾ ഒരു വിവരവുമില്ലാത്തവനെ തങ്ങളുടെ നേതാവാക്കും. അവരുടെയടുക്കൽപോയി സംശയങ്ങൾ ചോദിക്കും. ഒരറിവും കൂടാതെ അവർ ഫത്വ നല്കും. അങ്ങനെ അവർ സ്വയം വഴികേടിലാകും. മറ്റുള്ളവരേയും വഴികേടിലാക്കും.”

ഈ ഹദീസിൽനിന്ന്, മുസ്ലിംകളെ തെറ്റായ മാർഗ്ഗത്തിലൂടെ നയിക്കുകയും, മസീഹ് മഹ്ദിയെ അന്വേഷിക്കുന്നതിൽനിന്ന് തടഞ്ഞുവയ്ക്കുകയും, അദ്ദേഹത്തെ തിരിച്ചറിയുന്നതിൽനിന്ന് അവരെ അകറ്റിനിർത്തുകയും അല്ലെങ്കിൽ അകറ്റിനിറുത്താൻ ശ്രമിക്കുകയും ചെയ്യുന്ന ഉലമാക്കളുടെ അവസ്ഥ വ്യക്തമാകുന്നുണ്ട്. അവരുടെ ഈ അവസ്ഥ വിശുദ്ധഖുർആനിലും പറഞ്ഞിട്ടുണ്ട്. ഉലമാക്കളുടെ ഈ അവസ്ഥ കണ്ടിട്ട് നാം മൗനം അവലംബിക്കാൻ പാടില്ല. മറിച്ച്, ഓരോ മുസ്ലിമിനോടും അവരുടെ ഈ അവസ്ഥ പറഞ്ഞുകൊടുക്കാൻ ശ്രമിക്കേണ്ടതാണ്. ഉലമാക്കൾ അല്ലാഹുവിന്റേയും റസൂലിന്റേയും വാക്കുകൾ ധിക്കരിച്ചുകൊണ്ട് ഈ അവസ്ഥയിൽ എത്തേണ്ടവരാണെന്നും അവിടെ അല്ലാഹുവിന്റെ വെറുപ്പല്ലാതെ മറ്റൊന്നുമില്ലെന്നും എന്നാൽ, മുസ്ലിംകളേ! നിങ്ങൾ അല്ലാഹുവിന്റെ തൃപ്തി ആഗ്രഹിക്കുന്നെങ്കിൽ, ദീനും ദുൻയാവും രക്ഷിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ ഇക്കാലത്തിന്റെ അവസ്ഥയെക്കുറിച്ച് ചിന്തിക്കുക എന്നും അവരോട് പറയേണ്ടതാണ്. ഇക്കാലഘട്ടം വാഗ്ദത്ത മസീഹിന്റെ കാലഘട്ടം തന്നെയല്ലേ എന്ന് ചിന്തിക്കുക. മുസ്ലിംകളുടെ ഈ നിസ്സഹായാവസ്ഥയും അവരുടെമേൽ വന്നുകൊണ്ടിരിക്കുന്ന ഈ വിപത്തുകളും ഹൃദയം കടുത്തുപോയതിന്റെ ഫലം അല്ലേ?

എന്തായാലും ഞാൻ പറഞ്ഞതുപോലെ ഇക്കാലഘട്ടത്തിൽ വാഗ്ദത്ത മസീഹിന്റെ ആഗമനത്തെക്കുറിച്ച് ഹദീസികളിലും വിശുദ്ധഖുർആനിലും അടയാളങ്ങൾ ലഭിക്കുന്നുണ്ട്. ചിലത് ഞാൻ പറയുന്നതാണ്. മസീഹ് മൗഊദ്(അ)ന്റെ തൊട്ടടുത്തകാലത്ത് ജീവിച്ചിരുന്ന ആലിമുമാരും ഇസ്ലാമിന്റെയും മുസ്ലിംകളുടേയും അവസ്ഥ അങ്ങേയറ്റം ശോചനീയമാണെന്ന് സമ്മതിച്ചിട്ടുള്ള കാര്യമാണ്. എന്നാൽ, ഈമാൻ കാർത്തികനക്ഷത്രം വരെ ഉയർന്നുപോയാലും അല്ലാഹു അതിനെ താഴ്ത്തിക്കൊണ്ടുവരാൻ ഒരാളെ കൊണ്ടുവരുമെന്നാണ് നമ്മോട് വാഗ്ദാനം ചെയ്തത്. അവരുടെ നോട്ടത്തിൽ, ഇതനുസരിച്ച് ഒരു പ്രവർത്തനവും ഇന്നുവരെ നടന്നിട്ടില്ല. അല്ലാഹുവിന്റെ വാഗ്ദാനത്തിൽ ചിന്തിക്കാത്തതുകൊണ്ടാണ് ഈ തെറ്റായ ധാരണ വന്നുപോകുന്നത്. വ ആഖരീന മിൻഹും ലമ്മാ യൽഹഖൂബിഹിം എന്ന വചനമിറങ്ങിയപ്പോൾ, ചോദ്യകർത്താവിന്റെ ചോദ്യത്തിന്- അതായത് ആഖരീൻ ആരാണെന്നുള്ള ചോദ്യത്തിന് നബി(സ) തിരുമേനി ഹസ്റത്ത് സൽമാൻ (റ)ന്റെ തോളിൽ കൈവെച്ചുകൊണ്ട് പറഞ്ഞു: “ഈമാൻ കാർത്തികനക്ഷത്രംവരെ ഉയർന്നുപോയാലും ഇദ്ദേഹത്തിൽപെട്ട ഒരാൾ അതിനെ തിരിച്ചുകൊണ്ടുവരുന്നതാണ്.” ഈമാൻ കാർത്തികനക്ഷത്രംവരെ ഉയർന്നുപോയെന്ന് ഇക്കൂട്ടർ സമ്മതിക്കുന്നു. പക്ഷേ, മസീഹ് മൗഊദ്(അ)ന്റെ കാലം വന്നിട്ടില്ലെന്നും പറയുന്നു. അല്ലാഹുവും അവന്റെ റസൂൽ(സ)ഉം ഇവിടെവെച്ച് കാര്യങ്ങൾ അവസാനിപ്പിച്ചില്ല. ഇതിനുപുറമെ മറ്റടയാളങ്ങളും പറഞ്ഞു. ഇതിൽനിന്ന് അവസാനകാലത്തെക്കുറിച്ച്, ദജ്ജാലിന്റെ കാലത്തെക്കുറിച്ച് മനസ്സിലാകുന്നുണ്ട്. ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: “ഇത് വാസ്തവത്തിൽ മസീഹ് വരേണ്ട അവസാനകാലമാണെന്നതിന് രണ്ടുതരത്തിലുള്ള തെളിവുകളുണ്ട്. ഖിയാമത്ത് അടുത്തു എന്ന് സ്ഥാപിക്കുന്ന ഖുർആനിക വചനങ്ങളും നബി(സ) തിരുമേനി പറഞ്ഞ ലക്ഷണങ്ങളുമാണ് ഒന്നാമത്തേത്. അത് പൂർത്തിയാവുകയും ചെയ്തു. (ഇതിന്റെ ഉദ്ദേശ്യം ഖിയാമത്ത് കുറച്ചു മണിക്കൂറുകൾക്കുള്ളിൽ വരുമെന്നല്ല ഇതുകൊണ്ടുള്ള ഉദ്ദേശ്യം. ഇപ്പോൾ അതിലേക്ക് നടന്നുകൊണ്ടിരിക്കുന്ന കാലമാണ്. ഒട്ടകപ്പുറത്തുള്ള യാത്ര ഇല്ലാതാകൽ. ***വഇദൽ ഇശാറു ഉത്ത്വിലത്*** എന്നുപറഞ്ഞതിൽ ഇത് പ്രകടമാണ്. പത്ത് മാസം ഗർഭിണിക

ളായ ഒട്ടകങ്ങൾ മേൽനോട്ടക്കാരാരുമില്ലാതെ വിട്ടയക്കപ്പെടും. ദജ്ജാലി കാലഘട്ടത്തിന്റെ അടയാളങ്ങളിൽ ഭൗമികമായ അറിവുകളും വിദ്യകളും ഭൂമിയിൽനിന്ന് പുറത്തുകൊണ്ടുവരപ്പെടും എന്നുമുണ്ട്. ചില കണ്ടുപിടിത്തങ്ങളേയും കരകൗശലങ്ങളേയും ഉദാഹരണമെന്നനിലയിൽ വിവരിച്ചിരിക്കുന്നു. അവ ഇതാണ്. ***വ ഇദൽ ഇശാറു ഉത്വിലത്ത്*** അക്കാലത്ത് പത്തുമാസം ഗർഭിണിയായ ഒട്ടകങ്ങൾ ഉപേക്ഷിക്കപ്പെടുന്നതാണ്. അതിന് ഒരു വിലയും നിലയും ഉണ്ടാകുകയില്ല. ഗർഭിണിയായ ഒട്ടകത്തിനാണ് ***ഇശാറുൻ*** എന്നു പറയുന്നത്. അത് അറബികൾക്ക് വളരെ പ്രിയങ്കരമാണ്. ഈ ആയത്തിന് പുനരുത്ഥാനവുമായി ഒരു ബന്ധവും ഇല്ലെന്നത് സുവ്യക്തമാണ്. എന്തുകൊണ്ടെന്നാൽ പുനരുത്ഥാനമെന്നുപറയുന്നത് ഒട്ടകം ഒട്ടകവുമായി ചേരുകയും ഗർഭം ധരിക്കുകയും ചെയ്യുന്ന സ്ഥലമല്ല. ഇത് റെയിലിന്റെ കണ്ടുപിടിത്തത്തെ സൂചിപ്പിക്കുന്നു. ഗർഭിണി എന്ന് എടുത്തുപറഞ്ഞത് ഈ ലോകത്ത് നടക്കുന്ന സംഭവുമായി ബന്ധപ്പെട്ടതുകൊണ്ടാണ്; പരലോകത്ത് നടക്കുന്ന സംഭവമാണെന്ന് അല്പംപോലും സംശയം ഉണ്ടാകാതിരിക്കാൻ. (അതായത് ദുനിയാവിൽ നടക്കുന്ന സംഭവമായിട്ടുതന്നെ അതിനെ കാണണം. പരലോകത്ത് നടക്കേണ്ട സംഭവമാണെന്ന് ധരിക്കാൻ പാടില്ല) ***വ ഇദന്നുഫൂസു സുവ്വിജിത്.*** മനുഷ്യർ പരസ്പരം ഒരുമിച്ചുകൂട്ടപ്പെടുമ്പോൾ. ജനതയും നാടുകളും തമ്മിലുള്ള പരസ്പര ബന്ധങ്ങളെ ഇത് സൂചിപ്പിക്കുന്നു. അവസാനകാലത്ത് വഴികൾ തുറക്കപ്പെടുന്ന കാരണത്താലും, തപാൽ, കമ്പി തുടങ്ങിയ കാരണത്താലും മനുഷ്യകുലത്തിന്റെ ബന്ധങ്ങൾ വർദ്ധിക്കപ്പെടുന്നതാണ്. (ഇപ്പോൾ മറ്റുപല വഴികളും വർദ്ധിച്ചുകഴിഞ്ഞിരിക്കുന്നു. പരസ്പരം ഫോട്ടോ കണ്ടുകൊണ്ട് സംസാരിക്കാൻ കഴിയുന്ന സംവിധാനവും നിലവിൽ വന്നുകഴിഞ്ഞു) ഒരു ജനം മറ്റൊരു ജനവുമായി കണ്ടുമുട്ടും. അകലത്തുള്ള വിവാഹബന്ധങ്ങളും വാണിജ്യപരമായ ഇടപാടുകളും ഉണ്ടാകും. ദൂരെയുള്ള നാടുകളുമായി സുഹൃത്ബന്ധം വർദ്ധിക്കും. (അവസാനകാലത്തെ സംബന്ധിച്ചുള്ള ഈ പ്രവചനം പുലരുന്നത് നാം കണ്ടുകൊണ്ടിരിക്കുന്നു) ***ഇദ ശംസുകുവ്വിറത്.*** സൂര്യൻ ചുരുട്ടപ്പെടുമ്പോൾ. അതായത് കഠിനമായ അന്ധകാരവും അവിവേകവും പാപവും ലോകത്ത് പരക്കുന്നതാണ്.

പറയുന്നു: ***ഇദന്നൂഫൂസു സുവ്വിജത്.*** എന്നതും എന്റെ സാക്ഷ്യത്തിനുവേണ്ടിയാണ് പറഞ്ഞിട്ടുള്ളത്. അല്ലാഹു തബ്ലീഗിനുവേണ്ടി എല്ലാ സാധനസാമഗ്രികളും ഒരുമിച്ചുകൂട്ടിയിരിക്കുന്നു. അച്ചടിയന്ത്രങ്ങൾ, കടലാസുകളുടെ ആധിക്യം തപാലാഫീസുകൾ, കമ്പി, റയിൽ, ആവിക്കപ്പലുകൾ തുടങ്ങിയ മുഖേന ലോകം മുഴുവൻ ഒരു പട്ടണം പോലെയായിത്തീർന്നിരിക്കുന്നു. നൂതനമായ കണ്ടുപടിത്തങ്ങൾ ഇതിനെ കൂടുതൽ വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നു. തബ്ലീഗിനുള്ള കാരണങ്ങളാണ് ഒരുമിച്ചുകൂടിക്കൊണ്ടിരിക്കുന്നത്. ഇനി ഫോണോഗ്രാഫിനേയും തബ്ലീഗിനായി പ്രയോജനപ്പെടുത്താവുന്നതാണ്. ഇതുമുഖേന വളരെ അത്ഭുതകരമായ പ്രവർത്തനം നടത്താവുന്നതാണ്. പത്രമാസികകളുടെ ഉത്ഭവവുമെല്ലാം തബ്ലീഗിനുള്ള അവസരമൊരുക്കലാണ്. ഇതിന്റെ ഉദാഹരണം മുൻകാലങ്ങളിലൊരിക്കലും നമുക്കു കിട്ടുകയില്ല."

***ഇദശംസുകുവ്വിറത്ത്*** എന്നതിനെക്കുറിച്ചാണ് ഞാൻ പറഞ്ഞുവന്നത്. സൂര്യൻ ചുരുട്ടപ്പെടുമ്പോൾ. അതായത് കഠിനമായ അന്ധകാരവും അവിവേകവും പാപവും ലോകത്ത് പരക്കുന്നതാണ്. ***വഇദന്നുജൂമുൻ കദറത്.*** നക്ഷത്രങ്ങൾ നിഷ്പ്രഭമാകുമ്പോൾ. അതായത്, ഉലമാക്കളുടെ ആത്മാർത്ഥതയുടെ പ്രകാശം പൊയ്പോകുന്നതാണ്.

ഞാൻ പറയുകയുണ്ടായി, ഈ ഉലമാക്കൾക്ക് ഈ ഖുർആന്റെ പ്രവചനമനുസരിച്ച്, മസീഹ് മഹ്ദിയുമായിട്ട് ബന്ധം സ്ഥാപിക്കാത്തിടത്തോളംകാലം ആത്മാർത്ഥതയുടെ പ്രകാശം പ്രാപിക്കുക സാദ്ധ്യമല്ല. ഈ ബന്ധം സ്ഥാപിക്കാൻ അവരൊട്ട് ആഗ്രഹിക്കുന്നുമില്ല. ഇവർക്കു മുമ്പുള്ളവരും കാത്തുകാത്തിരുന്ന് വെറുംകയ്യോടെ കടന്നുപോയി. ഇവരും അങ്ങനെതന്നെ കടന്നുപോകുന്നതാണ്. എന്നാൽ മുസ്‌ലിം ഉമ്മത്ത് നല്ലവണ്ണം ഓർത്തുകൊള്ളുക, ഉലമാക്കൾ പറയുന്ന കാര്യങ്ങൾ കേട്ട് സ്വന്തം ദുനിയാവും ആഖിറത്തും മോശമാക്കാതിരിക്കുക. അല്ലാഹുവിന്റെ സന്നിധിയിൽ ഹാജരാകുമ്പോൾ, 'ഞങ്ങളുടെ ഉലമാക്കൾ ഞങ്ങളെ തെറ്റായി നയിച്ചു' എന്ന പറച്ചിൽ നിങ്ങൾക്ക് പ്രയോജനം ചെയ്യില്ല.

ഞാനോതിയ വചനത്തിൽ അല്ലാഹു വ്യക്തമായും പറഞ്ഞു. "ഒരു ഭാരം ചുമക്കുന്ന ആത്മാവും മറ്റൊന്നിന്റെ ഭാരം ചുമക്കുകയില്ല." അതുകൊണ്ട് ചിന്തിക്കേണ്ട അവസരമാണ്.

വിശുദ്ധഖുർആനിലെ മറ്റൊരു പ്രവചനമാണ്. ***വഇദൽ വുഹൂശുഹുശിറത്ത്.*** വന്യമൃഗങ്ങൾ മനുഷ്യരോടൊപ്പം ഒരുമിച്ചുകൂടപ്പെടുമ്പോൾ. അപരിഷ്കൃതരായ ജനതകൾ സംസ്കാരത്തിലേക്ക് മടങ്ങുമെന്നാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. അവരിൽ മനുഷ്യത്വവും സംസ്കാരവും വരാൻ തുടങ്ങും.

നോക്കുക, ഈ എല്ലാ ഖുർആനിക പ്രവചനങ്ങളും ഇക്കാലത്ത് പുലർന്നുകൊണ്ടിരിക്കുന്നു. പിന്നീട് പറഞ്ഞു: ***വ ഇദസ്സുഹ്ഫു നുശിറത്***. അതായത് അക്കാലത്ത് എഴുത്തുകുത്തുകളുടെ മാർഗ്ഗങ്ങൾ സർവസാധാരണമാകും. ഗ്രന്ഥങ്ങൾ അധികമായി ലഭ്യമാകും.

പിന്നീട് പറഞ്ഞ ഒരടയാളമാണ്, ***വഇദൽബിഹാറു സുജ്ജിറത്***. സമുദ്രം കീറിമുറിക്കപ്പെടുമ്പോൾ. നോക്കുക, ഇക്കാലത്ത് നദികളും കടലുമായി കൂട്ടിച്ചേർത്തു. ഇതെല്ലാം ഇക്കാലത്തെ കണ്ടുപിടിത്തങ്ങൾ മുഖേനയാണ് സാധ്യമായിട്ടുള്ളത്. പാശ്ചാത്യ ജനതയുടെ അഭിവൃദ്ധിയ്ക്കുശേഷം ഇക്കാര്യങ്ങളെല്ലാം കൂടുതൽ അഭിവൃദ്ധിപ്പെട്ടിരിക്കുന്നു. ഇതെല്ലാം വിളിച്ചോതുന്നത് അവസാനകാലത്തെ അടയാളമാണെന്നാണ്. ഇതെല്ലാം ദജ്ജാലിന്റെ വരവുമായി ബന്ധപ്പെട്ടതായിരുന്നു. ഈ പ്രവചനങ്ങൾ എല്ലാം പുലർന്നുകൊണ്ടിരിക്കുമ്പോൾ ഇനി മസീഹിനെ പ്രതീക്ഷിച്ചിരിക്കുന്നതെന്തിനാണ്. മസീഹിനെ എന്തിനാണ് ഖിയാമത്തുമായി ബന്ധപ്പെടുത്താൻ ശ്രമിക്കുന്നത്. ഇതൊരു പിടിവാശി മാത്രമാണ്. അല്ലാഹുതന്നെ ഇവർക്ക് ബുദ്ധി നല്കുമാറാകട്ടെ.

മസീഹിന്റെ വരവിന്റെ അടയാളമെന്നനിലയിൽ വന്നിട്ടുള്ള ഒരു ഹദീസാണിത്. അഹ്മദികൾ ഈ തെളിവുദ്ധരിക്കുമ്പോൾ എതിരാളികളുടെ പക്കൽ മറുപടി ഒന്നുമില്ലാത്ത ഒരു ഹദീസാണിത്. അത് സൂര്യചന്ദ്രഗ്രഹണത്തെ സംബന്ധിച്ചുള്ള ഹദീസാണ്. ഈ അടയാളം ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ സത്യസാക്ഷ്യത്തിനായി നാം സമർപ്പിക്കാറുണ്ട്. ഇനി ഹസ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ) മസീഹ് മൗഊദല്ലെന്ന് വാദത്തിനുവേണ്ടി സമ്മതിച്ചാൽതന്നെ നബി(സ) തിരുമേനി ഈ അടയാളം ഒരു ദൈവനിയുക്തവാദിക്കുവേണ്ടി ഒരിക്കലും വെളിപ്പെട്ടിട്ടില്ലെന്ന് ഒരു വെല്ലുവിളി എന്നനിലയിൽ പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് മറ്റാരെങ്കിലും വാദിച്ചിട്ടുള്ളതായി ഇവർ കാണിക്കേണ്ടിവരും. കാരണം രണ്ടുപ്രാവശ്യം ഈ അടയാളം വെളിപ്പെട്ടുകഴിഞ്ഞിരിക്കുന്നു. ഈ അടയാളം കണ്ടിട്ടും പറയുന്നു ഇത് വാഗ്ദത്ത മസീഹിന്റെ കാലമല്ലെന്ന്. ഹദീസിലെ വാക്കുകൾ ഇങ്ങനെയാണ്.

ഹസ്റത്ത് ഇമാം മുഹമ്മദ് ബാഖിർ(റ) നിവേദനം ചെയ്യുന്നു. "നമ്മുടെ മഹ്ദിക്ക് രണ്ട് അടയാളങ്ങൾ നിശ്ചയിക്കപ്പെട്ടിരിക്കുന്നു. ആകാശഭൂമികൾ ഉണ്ടായതുമുതൽ ഈ അടയാളങ്ങൾ മറ്റൊരു മഅ്മൂറിന്റെ കാലത്തും പ്രത്യക്ഷപ്പെട്ടിട്ടില്ല. അതായത്, ചന്ദ്രന് റമസാൻമാസത്തിൽ അതിന്റെ ആദ്യരാത്രിയിലും സൂര്യന് അതിന്റെ നടുവിലെ ദിവസത്തിലും ഗ്രഹണമുണ്ടാകുന്നതാണ്."

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: യഅ്ജൂജ് മഅ്ജൂജിന്റെ കാലത്ത് വാഗ്ദത്ത മസീഹ് വരേണ്ടത് നിർബന്ധമാണ്. കാരണം അജീജ് എന്നു പറയുന്നത് അഗ്നിയ്ക്കാണ്. യഅ്ജൂജ് മഅ്ജൂജ് എന്ന പദം ഇതിൽനിന്ന് നിഷ്പന്നമാണ്. അല്ലാഹു എനിക്ക് മനസ്സിലാക്കിത്തന്നതുപോലെ യഅ്ജൂജ് എന്നു പറയുന്ന ജനത, ലോകത്തുള്ള എല്ലാ ജനതകളിലും വെച്ച് ഏറ്റവും കൂടുതൽ അഗ്നിയെ പ്രയോജനപ്പെടുത്തുന്നവരാണ്. യഅ്ജൂജ് മഅ്ജൂജ് എന്ന നാമത്തിൽ, അവരുടെ കപ്പലും അവരുടെ തീവണ്ടിയുമെല്ലാം അഗ്നി മുഖേനയായിരിക്കും ചലിക്കുക എന്ന സൂചനയുണ്ട്. അവരുടെ യുദ്ധങ്ങളും തീ കൊണ്ടായിരിക്കും. തീയെ പ്രയോജനപ്പെടുത്തി ഫലമെടുക്കുന്ന ലോകത്തുള്ള എല്ലാവരെക്കാളും അവർ മുൻപന്തിയിലായിരിക്കും. അതുകൊണ്ട് അവർ യഅ്ജൂജ് മഅ്ജൂജ് എന്നു പറയപ്പെടും. അവർ യൂറോപ്യൻ ജനതകളാണ്. അവർ അഗ്നിയെ പ്രയോജനപ്പെടുത്തി ഫലമെടുക്കുന്നവരിൽ നൈപുണ്യമുള്ളവരാണ്. അവരെക്കുറിച്ച് പറഞ്ഞറിയിക്കേണ്ട കാര്യമില്ല. ഇസ്റായീൽ ജനതകൾക്ക് നല്കപ്പെട്ട ഗ്രന്ഥങ്ങളിലും യൂറോപ്പിലെ ജനതകളെ യഅ്ജൂജ് മഅ്ജൂജ് എന്ന് പറഞ്ഞിട്ടുണ്ട്. യഅ്ജൂജ് മഅ്ജൂജിന്റെ കാലത്ത് മസീഹ് മൗഊദ്(അ) വെളിപ്പെടുമെന്നത് സുനിശ്ചിതമായിരുന്നു."

ഇമാമുമാർ ഖുർആനിൽനിന്നും ഹദീസുകളിൽനിന്നും അറിവ് സമ്പാദിച്ച് കാലത്തെക്കുറിച്ച് പറഞ്ഞു; വാഗ്ദത്ത മസീഹ് ഇന്നകാലത്ത് വരുമെന്ന്. മുൻകഴിഞ്ഞ ഉലമാക്കളും വർത്തമാനകാലത്തെ ഉലമാക്കളും, മുസ്ലിംകളുടെ അവസ്ഥ ശോചനീയമാണെന്നും നബി വരേണ്ടതാണെന്നും പറയുന്നു. വിശുദ്ധഖുർആൻ അതിനുള്ള അടയാളവും പറഞ്ഞു. അവയിൽ ചിലതിനെക്കുറിച്ച് ഞാൻ പറയുകയും ചെയ്തു. ഇതെല്ലാം അവസാനകാലത്ത് പുലരുന്ന കാര്യങ്ങളാണ്. ഇതെല്ലാം പുലരുമ്പോൾ, ഇത് വാഗ്ദത്ത മസീഹിന്റെ കാലമാണെന്ന് മനസ്സിലാക്കിക്കൊള്ളണം.

ഒരു ആഹ്വാനം എന്ന നിലയിൽ സമർപ്പിക്കപ്പെടുന്ന ഒരടയാളം, അത് ഇമാം ബാഖിർ നിവേദനം ചെയ്തതാണ്. അതും പറഞ്ഞു. വാഗ്ദത്ത മസീഹിന്റെ കാലത്ത് സൂര്യനും ചന്ദ്രനും ഗ്രഹണമുണ്ടാകണമായിരുന്നു. എന്നിട്ടും വഗ്ദത്ത മസീഹ് വരേ

ണ്ടകാലമായിട്ടില്ലെന്ന് പറയുന്നത്, അല്ലാഹുവിന്റെ കോപത്തെ വിളിച്ചുവരുത്തുന്ന കാര്യമാണ്. ഈ വിപത്തുകൾ, നമ്മുടെ തെറ്റുകളുടേയും പാപങ്ങളുടേയും ഫലമാണെന്ന് അവർ സ്വയം സമ്മതിക്കുന്നു. ഞാനോതിയ വചനത്തിന്റെ അവസാനഭാഗത്ത്, കഴിഞ്ഞ ഖുത്ബയിൽ ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉദ്ധരണിയിലും ഞാനത് കേൾപ്പിച്ചിരുന്നു. അല്ലാഹു വ്യക്തമായും പറഞ്ഞു: നാം റസൂലിനെ അയക്കാതെ ശിക്ഷ അയക്കുകയില്ല. ന്യായപൂർത്തി വരുത്താതെ (ശിക്ഷ ഇറക്കുകയില്ല) അവർ സ്വയം സമ്മതിക്കുന്നു, ഇത് ദൈവികശിക്ഷയാണെന്ന്. അതുകൊണ്ട് സ്വയംതന്നെ ഈ ഖുർആനിക വചനത്തിലും ചിന്തിക്കുക. വാഗ്ദത്ത മസീഹ് വരേണ്ട കാലമായിട്ടില്ല, അതും ഇതുമായി ബന്ധമൊന്നുമില്ല എന്ന് പറയുന്നതിനുപകരം 26, 28 വർഷമോ ഇരുന്നൂറു വർഷമോ ബാക്കിയുണ്ടെന്ന് പറയുന്നതിനു പകരം വന്നയാൾ കള്ളനാണെന്ന് പറയുന്നതിനുപകരം, അല്ലാഹുവിന്റെ ഈ മുന്നറിയിപ്പിനെ അവഗണിക്കുന്നതിനു പകരം അവനോടു മാർഗ്ഗം തേടുക. അവനോടു മാർഗ്ഗം തേടിക്കൊണ്ട് അവന്റെ അഭയത്തിൽ ഇവർ വരേണ്ടതാണ്. അല്ലാഹു ഈ മുന്നറിയിപ്പ് മനസ്സിലാക്കാത്ത എല്ലാ മുസ്‌ലിംകൾക്കും ബുദ്ധിയും വിവേകവും നല്കുമാറാകട്ടെ. നാമമാത്രമായ ഉലമാക്കൾക്ക് അല്ലെങ്കിൽ ദുനിയാവിന്റെ സുഖലോലുപതയുടെ പിന്നാലെ കൂടിയിരിക്കുന്ന ഉലമാക്കൾക്ക് മതപരമായ കാര്യങ്ങളുമായി ഒരു ബന്ധവുമില്ല. അവരുടെ പ്രവർത്തനം നിരർത്ഥകമാണ്. അതുകൊണ്ട് അന്യർക്ക് ഇസ്‌ലാമിന്റെമേൽ ആക്ഷേപം ഉന്നയിക്കാനും അപഹസിക്കാനും അവസരമുണ്ടാകുന്നു. കഴിഞ്ഞദിനങ്ങളിൽ ഒരു കാർട്ടൂൺ വരച്ച് പ്രസിദ്ധപ്പെടുത്തുകയുണ്ടായി. അതിന്റെ പേരിൽ കോലാഹലങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. അവരുടെ പ്രവൃത്തിയുടെ ഫലമായിട്ടാണ് ശത്രുക്കൾക്ക് ഇത്തരം അവസരം കിട്ടുന്നത്. എതിരാളികൾക്ക് അവസരം കിട്ടുന്നത്. ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അദ്ധ്യാപനമനുസരിച്ച്, ഇതുപോലുള്ള സംഗതികൾ തടഞ്ഞുനിറുത്തുന്നത് ഇപ്പോൾ അഹ്മദിയ്യാ ജമാഅത്ത് മാത്രമാണ്. അതിന് നല്ല സ്വാധീനവുമുണ്ടാകുന്നു.

ഡന്മാർക്കിലെ ഒരു പത്രത്തിന്റെ എഡിറ്ററോ എഴുത്തുകാരനോ അവസാനം മാപ്പ് ചോദിച്ചു- ആദ്യം അവർ ദുശ്ശാഠ്യത്തിലായിരുന്നു. തങ്ങൾ ചെയ്തത് ശരിയാണ്, തിരുത്തുന്ന പ്രശ്നമില്ലെന്ന് പറഞ്ഞു. എന്നാൽ നമ്മുടെ സംഘം അവരെ ചെന്നു കാണുകയും കാര്യങ്ങൾ മനസ്സിലാക്കിക്കൊടുക്കുകയും ചെയ്തപ്പോൾ, അവരുടെ വാക്കുകൾകേട്ട് ഇവർ മാപ്പുചോദിച്ചു. നിങ്ങളുടെ തെളിവുകൾ ശരിയാണെന്നും അതുകൊണ്ട് ഞങ്ങൾ ഖേദം പ്രകടിപ്പിക്കുന്നുവെന്നും നമ്മുടെ ആളുകളുടെ മുമ്പിൽ അവർ സമ്മതിച്ചു. മറ്റു രാജ്യങ്ങളിലും ബഹളം നടക്കുന്നുണ്ട്. അവിടേയും ജമാഅത്ത് അവരെ ചെന്നുകാണുകയും അവർക്ക് കാര്യങ്ങൾ മനസ്സിലാക്കിക്കൊടുക്കുകയും ചെയ്യേണ്ടതാണ്. കാരണം നമ്മുടെ ചില പ്രവൃത്തിയുടെ ഫലമായിട്ടാണ് അന്യർക്ക് പരിഹസിക്കാനും ആക്ഷേപിക്കാനും അവസരം കിട്ടുന്നത്.

സൂറ തക്‌വീറിൽ, ഇക്കാലത്തെ സംബന്ധിച്ചുള്ള പ്രവചനങ്ങൾ പറഞ്ഞതിനോടൊപ്പംതന്നെ, മസീഹ് മൗഊദ്(അ) മുഖേന ഇസ്‌ലാമിന്റെ അഭിവൃദ്ധി ഉണ്ടാകുമെന്നും പറഞ്ഞിരിക്കുന്നു. അതുകൊണ്ട് വാഗ്ദത്ത മസീഹിനെ വിശ്വസിക്കാതെ ഇസ്‌ലാമിന് എന്തെങ്കിലും ശക്തി ലഭിക്കുമെന്ന് ഇക്കൂട്ടർ ധരിക്കണ്ട. നിങ്ങൾക്കെന്തെങ്കിലും ശക്തി ലഭിക്കുമെന്നും പ്രതീക്ഷിക്കേണ്ട. ഇവരുടെ വിശ്വാസം പോലെ, വാഗ്ദത്ത മസീഹിന്റെ ജോലി വെറും പന്നികളെ കൊന്നു നടക്കലല്ല. ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: ഇതിന് ക്രിസ്ത്യാനികൾതന്നെ മതിയായവരാണ്. അവർ കൊല്ലുകയും തിന്നുകയും ചെയ്യുന്നുണ്ട്. പിന്നെ പാവം മസീഹ് ഈ പന്നികളെ കൊന്നുനടക്കേണ്ട കാര്യമെന്താണ്?

മുസ്‌ലിംകളെന്ന് പറഞ്ഞുനടക്കുന്ന ഈ ഉലമാക്കൾക്കും അല്ലാഹു ബുദ്ധി നല്കുമാറാകട്ടെ. മുസ്‌ലിം ഉമ്മത്തിനും ഈ സത്യം തിരിച്ചറിയാൻ തൗഫീഖ് നല്കുമാറാകട്ടെ. അല്ലാഹു ഇവരുടെ നെഞ്ചും ബുദ്ധിയും തുറക്കുമാറാകട്ടെ. നമ്മുടെ ജോലി, അവർക്കുവേണ്ടി ദുആ ചെയ്യുകയും അവർക്കു വഴികാണിക്കുകയും ചെയ്യുക എന്നതാണ്. അത് നമ്മൾ ചെയ്തുകൊണ്ടേയിരിക്കേണ്ടതാണ്. അല്ലാഹു നമുക്കതിന് തൗഫീഖ് നല്കുമാറാകട്ടെ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 3.2.2006 at Baitul Futuh, London

*Translated by: Muhammad Ismail, Alleppey*
0497 2702562; Mob: 9895 126027
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala